LIBRARY ARCHIVES Kerala Legislative Assembly

കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ ഭൂമി

254 (3686) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം. നം. റ്റി. 755 നിലവിൽ പ്രവർത്തനരഹിതമാണ്.

(ബി) ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത കോളേജിന് ഉള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാദ്ധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാദ്ധ്യതയെന്ന് അറിയിക്കുമോ?

കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ സർവ്വേ നം. 206/6-ൽ ഉൾപ്പെട്ട 7.80 ആർ സ്ഥലമാണ് കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനുള്ളത്. ടി വസ്തുവിന്റെ ഉടമസ്ഥത കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനാണ്. ടി സംഘം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ (കേരള ബാങ്ക്) നിന്ന് വായ്പ എടുക്കുകയും, ടി വായ്പ കുടിശ്ശികയായതിനെ തുടർന്ന് 90 ലക്ഷം രൂപയ്ക്ക് കേരള ബാങ്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പാട്ട വ്യവസ്ഥയിൽ ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ?

കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘം പുനരുജ്ജീവിപ്പിച്ചിട്ട് പ്രവർത്തനക്ഷമമാക്കാൻ നിലവിൽ ശ്രമിച്ചുവരികയാണ്.

സ്കൂൾ നവീകരണത്തിന് സഹകരണ സ്ഥാപനങ്ങളുടെ സഹായം

255(3687) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ് റൂം, ഇന്ധന ക്ഷമതയുള്ള അടുക്കള തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ?